# മഹാത്മാഗാന്ധി സർവ്വകലാശാല

നമ്പർ : എഡി. എ 5/3/973/2014/ഭരണ വിഭാഗം　　　　പ്രിയദർശിനി ഹിൽസ്, തീയതി:18/06/2018

## പുനർ വിജ്ഞാപനം

ഡയറക്ടർ, സ്റ്റുഡന്റ് സർവ്വീസസ്സ് (ഡി.എസ്.എസ്) തസ്തികയിലേയ്ക്ക് സർവ്വകലാശാല/കോളേജുകളിൽ അദ്ധ്യാപകരായി ജോലി ചെയ്യുന്ന യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അന്യത്ര സേവന (ഡെപ്യൂട്ടേഷൻ) വ്യവസ്ഥയിൽ നിയമനത്തിനായി അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള സർക്കാർ/എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകർ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് 1997 അദ്ധ്യായം 45 ഖണ്ഡം 20 (4) പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഒപ്പം അപേക്ഷയുടെ മുൻകൂർ പകർപ്പ് സർവ്വകലാശാലയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അപേക്ഷകർ തൊഴിൽ ദായകനിൽ നിന്നുള്ള നിരാക്ഷേപ പത്രം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**യോഗ്യത** : ഫസ്റ്റ് അല്ലെങ്കിൽ സെക്കൻഡ് ക്ലാസ്സിൽ ബിരുദാനന്തര ബിരുദം. സർവ്വകലാശാലയിലോ കോളേജിലോ അദ്ധ്യാപകരായി 7 വർഷത്തെ പ്രവർത്തി പരിചയം. അംഗീകരിക്കപ്പെട്ട സ്റ്റുഡന്റ് സർവ്വീസസ് പരിപാടികൾ മൂന്ന് വർഷത്തിൽ കുറയാതെ സംഘടിപ്പിച്ച പരിചയം

**വയസ്സ്** : 01.01.2018 ൽ 50 വയസ്സിൽ കൂടാൻ പാടുള്ളതല്ല.

**അപേക്ഷാ ഫോറത്തിന്റെ വില** : രൂപ. 750/-

**പണമടവ് രീതി** : ഓൺലൈൻ മുഖേന **epay.mgu.ac.in** എന്ന സൈറ്റിലെ Miscellaneous Category -ൽ ഫീസ് അടയ്ക്കണം.

അപേക്ഷാ ഫോറം സർവ്വകലാശാലയുടെ ഔദ്യോഗിക വെബ് സൈറ്റിൽ നിന്നും (www.mgu.ac.in) ഡൗൺലോഡ് ചെയ്യേണ്ടതും ഓൺ ലൈൻ മുഖേന പണം അടച്ചതിന്റെ രേഖകൾ ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

ഉദ്യോഗാർത്ഥികൾ അസ്സൽ അപേക്ഷയോടൊപ്പം, അപേക്ഷയുടെ 5 ഫോട്ടോകോപ്പികളും വയസ്സ്, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ പ്രമാണങ്ങളും ഉള്ളടക്കം ചെയ്ത് 16/07/2018നു മുൻപായി സമർപ്പിക്കേണ്ടതാണ്.

മേൽ പറഞ്ഞ തീയതിയ്ക്ക് ശേഷം ലഭിക്കുന്നതും, അപാകതകൾ ഉള്ളതുമായ അപേക്ഷകൾ പൂർണ്ണമായി നിരസിക്കപ്പെടുന്നതാണ്.

അപേക്ഷ ഉള്ളടക്കം ചെയ്തിരിക്കുന്ന കവറിന്റെ പുറത്ത് ഡയറക്ടർ, സ്റ്റുഡന്റ് സർവ്വീസസ്സ് തസ്തികയ്ക്കുള്ള അപേക്ഷ എന്ന് രേഖപ്പെടുത്തി **ഡെപ്യൂട്ടി രജിസ്ട്രാർ 2 (ഭരണ വിഭാഗം), മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ്, കോട്ടയം-686560** എന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്.

**ഒപ്പ്/-**
**രജിസ്ട്രാർ**